പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4647 29.06.2012 ൽ മറുപടിയ്ക്ക്**

## കാർഷികകടാശ്വാസ കമ്മീഷന്റെ പ്രവർത്തനം*

| ചോദ്യം<br>ശ്രീ.എ.എ.അസീസ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ എന്നാണ് പുനഃസംഘടിപ്പിച്ചതെന്നും ആരൊക്കെയാണ് പുതിയ അംഗങ്ങളെന്നും വ്യക്തമാക്കുമോ ; | (എ) & (ബി) ഉണ്ട്.<br>19.05.12 ലെ ജി.ഒ(പി) നം.210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിക്കുകയും 07.06.12 ലെ ജി.ഒ.(പി.) നം.236/2012/RD പ്രകാരം കമ്മീഷൻ അംഗങ്ങളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊഫ. എം.ജെ.ജേക്കബ്, ശ്രീ.എം.നാരായണൻകുട്ടി, ശ്രീ.ഉമ്മർപാണ്ടികശാല, ശ്രീ.കെ.കെ.ഹംസ, ശ്രീ.കെ.വി.രാമകൃഷ്ണൻ, ശ്രീ.എം.ഒ.ജോൺ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. |
| (സി) കമ്മീഷൻ അംഗങ്ങളിൽ കാർഷിക, കർഷക സംഘടനകളുമായി ബന്ധമുള്ളവർ (ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നവർ) ആരൊക്കെയാണ് എന്നും, ഏതൊക്കെയാണ് സംഘടനകൾ എന്നും വെളിപ്പെടുത്തുമോ ; | (സി) പുതുതായി നിയമിക്കപ്പെട്ട അംഗങ്ങളിൽ ശ്രീ.കെ.വി.രാമകൃഷ്ണൻ കേരള കർഷക സംഘത്തിന്റെ സെക്രട്ടറിയായി ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ആളാണ്. |
| (ഡി) കാർഷിക, കർഷക സംഘടനകളുമായി ബന്ധമില്ലാത്ത ആരെയെങ്കിലും കാർഷിക കടാശ്വാസ കമ്മീഷൻ അംഗമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും, നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ ? | (ഡി) ഉണ്ട്. ശ്രീ.എം.ഒ.ജോൺ (സാമ്പത്തിക സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തി). കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിലെ വകുപ്പ് 3 ന്റെ ഉപവകുപ്പ് 2(iv) പ്രകാരം കമ്മീഷൻ അംഗങ്ങളിൽ ഒരാൾ സാമ്പത്തിക സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ